**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന് ലഭിച്ച ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ് സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ലോക രാജ്യങ്ങൾക്കിടയിൽ അടയാളപ്പെടുത്തുന്നതിന് സഹായകരമാകുമോ; വിശദമാക്കുമോ; | (എ) | കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളിൽ കേരളത്തിന് അഭിമാനിക്കാനാവുന്ന നേട്ടമാണ് വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ഗ്ലോബൽ അവാർഡ് ലണ്ടനിൽവച്ച് കേരളത്തിന് ലഭിച്ചത്. ജല സംരക്ഷണത്തിലൂന്നിയ വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കുള്ള അവാർഡ് ആണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'വാട്ടർ സ്ട്രീറ്റ്' പദ്ധതിക്ക് ലഭിച്ചത്. കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമ പഞ്ചായത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിയ പദ്ധതി പ്രവർത്തനങ്ങൾക്കാണ് ഈ അവാർഡ് ലഭിച്ചത്. ഈ അവാർഡ് സാർവ്വദേശീയ തലത്തിൽ കേരളത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നതിന് സഹായകരമാകും. ലോക ടൂറിസം ഭൂപടത്തിൽ കേരളത്തിന്റെ സാന്നിധ്യം തിളക്കമുള്ളതാക്കി മാറ്റുന്നതാണ് ഈ അവാർഡ്. ലോകസഞ്ചാരികളെ കൂടുതൽ ആകർഷിക്കാനും ഇത് സഹായിക്കും. ഇന്ന് പാരിസ്ഥിതിക മാറ്റങ്ങൾ ഉൾപ്പെടെ പരിഗണിച്ച് ലോകത്ത് ചർച്ചചെയ്യപ്പെടുന്ന Sustainable Tourism - മാതൃകയുടെ ഒരു മികച്ച ഉദാഹരണമാണ് കേരളത്തിന്റെ ഉത്തരവാദിത്ത ടൂറിസം മിഷൻ. |
| (ബി) | അവാർഡിന് അർഹമാക്കിയ വാട്ടർ സ്ട്രീറ്റ് പ്രോജക്റ്റ് സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു എൻ ഡബ്ല്യൂ.ടി.ഒ. യുടെ പുതിയ ടൂറിസം മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയാണ് 'സ്ട്രീറ്റ്' (STREET-Sustainable, Tangible, Responsible, Experiential, Ethnic Tourism hubs). സ്ട്രീറ്റ് പദ്ധതിയുടെ ഒരു പ്രധാന തീമാണ് 'വാട്ടർ സ്ട്രീറ്റ്'. 'വാട്ടർ സ്ട്രീറ്റിന്റെ' ഉത്ഘാടനം 2022 ഏപ്രിൽ 28-ന് നിർവ്വഹിച്ചു. കോട്ടയം ജില്ലയിലെ മറവൻതുരുത്ത് |

| | | | |
|---|---|---|---|
| | | | ഗ്രാമ പഞ്ചായത്തിലാണ് 'വാട്ടർ സ്ട്രീറ്റ് പദ്ധതി' നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഭാഗമായി മറവൻതുരുത്തിലെ നീർത്തടങ്ങൾ ജനകീയ പങ്കാളിത്തത്തോടെ വീണ്ടെടുത്തു. 18 കനാലുകളും നദികളും കായലുകളും ശുചീകരിക്കുകയും ആഴം കൂട്ടുകയും ചെയ്തു. കനാലിന്റെ തീരങ്ങൾ കയർ റാപ്പിങ്ങിലൂടെയും ഔഷധ സസ്യങ്ങളും പച്ചക്കറികളും നട്ടുവളർത്തിയും സംരക്ഷിച്ചു. ശുചീകരിച്ച ജലാശയങ്ങളിലൂടെ കയാക്കിംഗ്, നാടൻ ബോട്ടുകൾ, ശിക്കാര യാത്രകൾ തുടങ്ങിയ ടൂറിസ പ്രവർത്തനം ആരംഭിച്ചു. ഇവിടെ പ്രാദേശിക ഉൽപ്പന്ന വിപണനം അടക്കം സാധ്യമാക്കി. സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനായി മറവൻതുരുത്ത് ഈ പദ്ധതിയിലൂടെ മാറുകയാണ്. |
| (സി) | ടൂറിസം മേഖലയുടെ പ്രചരണവുമായി ബന്ധപ്പെട്ട് പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റെ സുവർണ്ണ പുരസ്കാരം നേടുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. പസഫിക് ഏഷ്യ ട്രാവൽ ഗോൾഡ് അവാർഡ് - 2022 കേരളത്തിന് ലഭിച്ചിട്ടുണ്ട്. കോവിഡാനന്തര ടൂറിസത്തിനായി കേരള ടൂറിസം നടപ്പാക്കിയ ചേഞ്ച് ഓഫ് എയർ ക്യാമ്പയിനാണ് പസഫിക് ഏഷ്യ ട്രാവൽ ഗോൾഡ് അവാർഡ് ലഭിച്ചത്. |

സെക്ഷൻ ഓഫീസർ